# മെത്രാപ്പോലീത്തായുടെ കത്ത്



**(ഫെബ്രുവരി 2016)**

**കർത്താവിൽ പ്രിയരേ,**

വൈവിധ്യ പൂർണ്ണമായ സമ്മിശ്ര അനുഭവങ്ങളോടു കൂടിയാണ് 2015 നോടു നാം വിട പറയുന്നത്. നമ്മുടെ സഫ്രഗൻ മെത്രാപ്പോലീത്താ ആയിരുന്ന ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ വേർപാട് ഉളവാക്കിയ വേദനാജനകമായ അനുഭവത്തിലൂടെയാണ് പുതുവത്സരത്തിലേക്ക് നാം പ്രവേശിച്ചത്. സഖറിയാസ് തിരുമേനിയുടെ അസാന്നിധ്യം സഭയുടെ വിവിധ മേഖലകളിൽ ഉളവാക്കിയ അപരിഹാര്യമായ വിടവ് നമ്മുടെ ദുഃഖത്തെ കൂടുതൽ തീവ്രമാക്കുകയും ഗൗരവതരമായ പരിചിന്തനത്തിനു നമ്മെ വിധേയരാക്കുകയും ചെയ്യുന്നു. തിരുമേനിയിലൂടെ വിവിധ ഭദ്രാസനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും സഭയ്ക്കാകമാനവും ലഭിച്ച നേതൃത്വത്തിനായും ശുശ്രൂഷകൾക്കായും നമുക്കു ദൈവസന്നിധിയിൽ സ്തോത്രം കരേറ്റാം. കർത്താവിൽ നിദ്രപ്രാപിച്ച നമ്മുടെ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന സഭാ ജനങ്ങളുടെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. 2016 ഏപ്രിൽ 1-ാം തീയതി പുതിയ ഭദ്രാസനങ്ങളിലെ നിയോഗം ഏറ്റെടുക്കുമ്പോൾ സഖറിയാസ് തിരുമേനി ചുമതല വഹിച്ചിരുന്ന ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ ചുമതല പുതിയതായി നിയമിക്കപ്പെട്ടിരിക്കുന്ന എപ്പിസ്കോപ്പാ ഏറ്റെടുക്കുന്നതാണ്. അതുവരെയുള്ള കാലയളവിൽ, സഭയുടെ ഭരണഘടനയുടെ 65-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകൾ മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. പുതിയ ഭദ്രാസന അദ്ധ്യക്ഷൻ ചുമതലയിൽ പ്രവേശിക്കുന്നതിനു മുൻപായി, സഭാസെക്രട്ടറിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ നിലവിലുള്ള ആസ്തി ബാധ്യതകളുടെ ഒരു അവലോകനം നടത്തി പുതിയ ഭദ്രാസന അദ്ധ്യക്ഷനെ ഏൽപിക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്.

നമ്മുടെ രാജ്യത്തിന്റെ അതിർത്തി പ്രദേശം പുതുവർഷം ആരംഭിച്ചപ്പോൾത്തന്നെ സംഘർഷനിർഭരമായിരുന്നു. നമ്മുടെ അതിർത്തി പ്രദേശങ്ങളിലെ സംഘർഷങ്ങളെ ലോകരാഷ്ട്രങ്ങൾതന്നെ ആശങ്കയോടുകൂടിയാണ് ഇന്നു നോക്കി കാണുന്നത്. അതിർത്തിയിലെ പോരാട്ടങ്ങളിൽ നമ്മുടെ നാടിന്റെ അഭിമാനമായിരുന്ന ലഫ്റ്റനന്റ് കേണൽ നിരഞ്ജന് സംഭവിച്ച അപകടമരണം അദ്ദേഹത്തിന്റെ കുടുംബത്തെയും രാഷ്ട്രത്തെത്തന്നെയും ദുഃഖത്തിലാഴ്ത്തുകയുണ്ടായി. ആ ധീരരക്തസാക്ഷിയുടെ കുടുംബത്തോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു. സുരക്ഷയിൽ വന്ന വീഴ്ചകളാണ് അദ്ദേഹത്തിന്റെ അപകടമരണത്തിനു കാരണമായതെന്ന അഭിപ്രായവും പ്രകടിപ്പിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. സുരക്ഷയുടെ കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ ജാഗ്രത പുലർത്തേണ്ടതായിട്ടുണ്ട്.

ജനുവരി 26 റിപ്പബ്ളിക്ക് ദിനമായി നാം ആചരിക്കുന്നു. ലോകരാഷ്ട്രങ്ങളുടെ ഭരണഘടനകൾ സസൂക്ഷ്മം പഠിച്ചും വിലയിരുത്തിയും നമ്മുടെ രാഷ്ട്രത്തിന്റെ തനിമ ഉൾക്കൊണ്ടും ഭാരതീയ സംസ്കാരത്തിന്റെ ഉദാത്തമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുമാണ് നമ്മുടെ രാഷ്ട്രനേതാക്കന്മാർ ഒരു ഭരണഘടനയ്ക്കു രൂപം നൽകിയത്. ഭരണഘടനാരൂപീകരണ സമിതിയുടെ അദ്ധ്യക്ഷനായി ഡോ. ബി.ആർ. അംബേദ്കർ അനുഷ്ഠിച്ച ശ്രേഷ്ഠമായ നേതൃത്വം കാലത്തിനൊരിക്കലും മറക്കുവാൻ കഴിയുകയില്ല. എന്നാൽ നല്ല ഒരു ഭരണഘടനയുള്ളതുകൊണ്ടു മാത്രം ഒരു രാഷ്ട്രവും അഭിവൃദ്ധി പ്രാപിക്കുകയില്ല. കടമകളും ഉത്തരവാദിത്തങ്ങളും ശരിയായി നിർവഹിക്കുവാൻ തയ്യാറാകുന്ന ഒരു ജനതയ്ക്കു മാത്രമേ രാഷ്ട്രത്തെ കൂടുതൽ അഭ്യുന്നതിയിലേക്കു നയിക്കുവാൻ കഴിയുകയുള്ളൂ. റിപ്പബ്ളിക്ക്ദിനം നമ്മുടെ ഭരണഘടനയോടും നമ്മുടെ കടമകളോടും ഉത്തരവാദിത്തങ്ങളോടുമുള്ള പ്രതിബദ്ധത ആത്മാർത്ഥമായി അനുഷ്ഠിക്കുവാനുള്ള പ്രേരകശക്തിയായിത്തീരട്ടെ എന്നാഗ്രഹിക്കുന്നു.

ചന്ദ്രബോസ് വധം കേരളത്തെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു. പ്രതിയായ നിഷാമിന് കോടതി 38 വർഷം തടവും പിഴയും വിധിക്കുകയുണ്ടായി. മനുഷ്യത്വം മരവിക്കുമ്പോഴാണ് അപരന്റെ ജീവന് വിലകൽപിക്കാതെ വരുന്നത്. ഈ ദീർഘകാലയളവിലെ തടവുശിക്ഷ യഥാർത്ഥ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും രൂപാന്തരത്തിലേക്കും നയിച്ചില്ലായെങ്കിൽ ജീവിതാവസാനം വരെയും മനഃസാക്ഷിയുടെ കോടതിയിൽ വിചാരണ നേരിട്ടുകൊണ്ടുതന്നെയായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഹൈദ്രബാദ് സർവകലാശാലയിലെ ഒരു ദളിത് വിദ്യാർത്ഥിയുടെ ആത്മഹത്യയെക്കുറിച്ച് ഈ നാളുകളിൽ രാഷ്ട്രം ചർച്ച ചെയ്യുകയായിരുന്നുവല്ലോ. അധികാരത്തിന്റെയോ നിയമവ്യാഖ്യാനങ്ങളുടെയോ പിൻബലം കൊണ്ട് ആ സംഭവത്തിന് പ്രേരകശക്തികളായിരുന്ന വ്യക്തികളെ സംരക്ഷിക്കാൻ കഴിഞ്ഞാൽപോലും അവരെന്നും സമൂഹമനഃസാക്ഷി

യുടെയും സ്വന്തം മനഃസാക്ഷിയുടെയും തടവറയിലായിരിക്കും എന്നത് തർക്കമറ്റ സംഗതിയാണ്. ഇത്തരത്തിലുള്ള പലവിധമായ ദുരന്തസ്മരണകളുമായിട്ടാണ് നാം പുതുവർഷത്തിലേക്കു കടക്കുന്നതെങ്കിലും ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവത്തിൽ പൂർണ്ണാശ്രയം വെച്ചുകൊണ്ട് സമാധാനത്തിന്റെ നാളുകൾ സമാഗതമാകണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട് നമുക്കു മുന്നോട്ടു പോകാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിന് ശേഷം കേരളം ഒരു നിയമസഭാ തെരഞ്ഞെടുപ്പിനായി ഒരുങ്ങുകയാണ്. രാഷ്ട്രീയ പാർട്ടികൾ ഒന്നിനു പിറകെ ഒന്നായി പല പേരുകളിൽ യാത്രകളും മാർച്ചുകളും സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണല്ലോ. ജനകീയ പ്രശ്നങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന യാത്രകളായി അവ തീരട്ടെ എന്നാഗ്രഹിക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പിൽ, മറ്റു വിഭാഗിയ താൽപര്യങ്ങളെയെല്ലാം മാറ്റിവെച്ച്, സ്വഭാവശ്രേഷ്ഠതയും കഴിവും പ്രാപ്തിയുമുള്ള സ്ഥാനാർത്ഥികളെ നിർത്തുവാൻ രാഷ്ട്രീയപാർട്ടികൾ താൽപര്യം കാണിക്കുകയും അങ്ങനെയുള്ള വ്യക്തികളെ മനഃസാക്ഷിക്കനുസരിച്ച് തെരഞ്ഞെടുക്കുവാൻ ജനത്തിനു കഴിയുകയും വേണം. മൂല്യാധിഷ്ഠിത ജനാധിപത്യത്തിന്റെ അടിത്തറ ബലപ്പെടുത്തുന്ന ഒന്നായി വരുന്ന നിയമസഭാതെരഞ്ഞെടുപ്പ് തീരട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം. ചരിത്രത്തെ നിയന്ത്രിച്ചുകൊണ്ട് ജനതകളുടെയും രാഷ്ട്രത്തിന്റെയും ഭാഗധേയം നിർണ്ണയിക്കുന്ന വലിയവനായ ദൈവം നമ്മെ അതിനായി ഒരുക്കേണ്ടതിനായി പ്രാർത്ഥിക്കാം.

നമ്മുടെ സഭയിൽ ആകസ്മികമായി ഒരു വലിയ വിടവ് സൃഷ്ടിച്ച ഒരു അനുഭവമായിരുന്നുവല്ലോ അഭിവന്ദ്യ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ വിയോഗം. സഭയുടെ ഭാവി ആവശ്യങ്ങൾ മുൻനിർത്തിക്കൊണ്ട് ഫെബ്രുവരി 12,13 തീയതികളിൽ സഭാ പ്രതിനിധിമണ്ഡലം വിളിച്ചുകൂട്ടുന്നതിന്റെ നോട്ടീസ് ഇതിനോടകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടല്ലോ. കാലം ചെയ്ത സഖറിയാസ് തിരുമേനിയുടെ ദേഹവിയോഗം ഈ ആവശ്യങ്ങളുടെ നിർവഹണത്തിനായുള്ള തിടുക്കം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സഭയുടെ ആവശ്യങ്ങളെ ഗൗരവപൂർവം കണക്കിലെടുത്ത് ഈ മണ്ഡലയോഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി എല്ലാ മണ്ഡലാംഗങ്ങളും പ്രസ്തുത മണ്ഡലയോഗങ്ങളിൽ പ്രാർത്ഥനാപൂർവം വന്നു പങ്കെടുത്ത് ഉചിതമായ തീരുമാനം കൈക്കൊണ്ട് സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു ചാലകശക്തിയായിത്തീരണമെന്ന് അറിയിക്കുന്നു.

121-ാമത് മാരാമൺ കൺവൻഷൻ സമാഗതമായിരിക്കുന്നു. അതിന്റെ ഒരുക്ക ക്രമീകരണങ്ങളിൽ സഭ വ്യാപൃതമായിരിക്കുന്നു. ദൈവവചന പ്രഘോഷണം സഭയുടെ ധർമ്മമാണ്. വചനം വ്യക്തികളുടെ മാനസാന്തരത്തിനും രൂപാന്തരത്തിനും വേണ്ടിയാണ്. എന്നാൽ ഇന്ന് വചനവ്യാഖ്യാനങ്ങൾപോലും സ്വാർത്ഥനേട്ടങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള പ്രവണതകൾ നാം പലയിടങ്ങളിലും കാണുകയാണ്. എന്നാൽ മാരാമൺ കൺവൻഷൻ അതിന്റെ ആരംഭകാലം മുതൽക്കുതന്നെ വചനത്തിന്റെ ശരിയായ സന്ദേശം പ്രഘോഷിക്കുവാനാണ് ശ്രദ്ധ വെച്ചിട്ടുള്ളത്. വിതയ്ക്കപ്പെടുന്ന വചനവിത്തുകൾ മുപ്പതും അറുപതും നൂറും മേനിയായി വിളവു തരണമെങ്കിൽ ഒരുക്കപ്പെട്ട ഹൃദയങ്ങളിൽ വിതയ്ക്കപ്പെടണം. വചനം കേൾക്കുവാനായി എത്തുന്നവർ പ്രാർത്ഥനയോടുകൂടി വരികയും മാരാമണ്ണിലെ മഹത്തായ പൈതൃകത്തിന്റെ ശിക്ഷണം പാലിക്കുകയും വേണം. ശുഭ്രവസ്ത്രധാരികളായി സ്ത്രീകളും പുരുഷന്മാരും കൺവൻഷനിൽ വന്നു സംബന്ധിക്കണം. വിലയേറിയ ആഭരണങ്ങൾ അണിഞ്ഞുകൊണ്ടുവരാൻ ആരും ശ്രമിക്കരുത്. വിശുദ്ധമായ വചനം പ്രഘോഷിക്കപ്പെടുന്ന മാരാമൺ കൺവൻഷന്റെ പന്തലും പരിസരവും വിശുദ്ധിയിൽ വേർതിരിക്കപ്പെട്ട ഇടമായി കരുതി വിശുദ്ധ മനസോടെ പങ്കെടുക്കുകയും പന്തലും പരിസരവും വിശുദ്ധമായി സൂക്ഷിക്കുകയും വേണം. മണൽപ്പുറത്തും പരിസര പ്രദേശങ്ങളിലും ഭിക്ഷാടനവും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും പുകവലിയും അനുവദനീയമല്ല എന്ന നിർദ്ദേശം കർശമായി ആത്മനിയന്ത്രണത്തിലൂടെ പാലിക്കേണ്ടുന്നതാണ്. കുടിവെള്ളം കൊണ്ടുവരുന്ന പ്ലാസ്റ്റിക് കുപ്പികൾ, നിലത്തിട്ടിരിക്കുവാനായി ഉപയോഗിക്കുന്ന പത്രക്കടലാസുകൾ മുതലായവ ഉപയോഗത്തിനുശേഷം മണൽപ്പുറത്തോ, നദിയിലോ വലിച്ചെറിയാതെ അവിടെ ക്രമീകരിച്ചിരിക്കുന്ന പ്രത്യേക മാലിന്യസംസ്കരണ സംവിധാനങ്ങളിൽ മാത്രം നിക്ഷേപിക്കണം. ഈ വർഷത്തെ കൺവൻഷൻ സഭയ്ക്കാകമാനം ഉണർവു പ്രദാനം ചെയ്യുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ച് നമുക്കു ഒരുങ്ങാം. പമ്പയുടെ മണൽപ്പുറത്ത് വചനം കേട്ട് അനുതാപഹൃദയത്തോടെ കണ്ണുനീർ വാർത്ത പിതാക്കന്മാരുടെ മഹത്തായ പൈതൃകമാണ് അനുകരണീയവും ആദരണീയവുമായിട്ടുള്ളത് എന്ന വസ്തുത നമുക്കു അനുസ്മരിക്കാം.

2016-17 ലേക്കുള്ള തിരഞ്ഞെടുപ്പു പ്രക്രിയയ്ക്കു വേണ്ടി ഇടവകകൾ ഒരുങ്ങുകയാണല്ലോ. ജനുവരി 15 ന് മുമ്പ് ഇടവകകളിൽ വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കാണുമെന്നു വിശ്വസിക്കുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തെരഞ്ഞെടുപ്പു നടത്തുകയും തിരഞ്ഞെടുക്കപ്പെടുന്നവർ ഏപ്രിൽ 1 ന് മുൻപായി ചുമതലയിൽ പ്രവേശിക്കുകയും വേണം. നിലവിലുള്ള ഭാരവാഹികൾ മെയ് 31 നു മുമ്പ് റിപ്പോർട്ടും കണക്കും പാസ്സാക്കി ഭദ്രാസനങ്ങളിൽ ഏൽപിക്കേണ്ടതും ഭദ്രാസനം ക്രോഡീകരിച്ച കണക്ക് സഭാ ഓഫീസിൽ ജൂൺ 30 നകം സമർപ്പിച്ചിരിക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ രാഷ്ട്രത്തിന്റെ നിയമം അനുശാസിക്കുന്ന പ്രകാരം മണ്ഡലത്തിൽ കണക്ക് പാസ്സാക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ നികുതി വകുപ്പ് സഭയ്ക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുക തന്നെ ചെയ്യും എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ചെന്നൈ പ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള പുനരധിവാസപദ്ധതിക്കായുള്ള സംഭാവനകൾ എത്രയും പെട്ടെന്ന് ഇടവകകളും സ്ഥാപനങ്ങളും സഭാ ഓഫീസിൽ ഏൽപിക്കണമെന്നു അറിയിക്കുന്നു.

നമ്മുടെ ഈ സംവൽസരത്തെ സ്റ്റുഡന്റ്സ് കോൺഫ്രൻസ് സത്നായിൽ വെച്ചു നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തിരിക്കുകയാണ്. കോൺഫറൻസിന് പങ്കെടുക്കാനായി പോകുന്നവർ സത്നായിലെയും

സിഹോറയിലെയും അലഹബാദിലെയും സ്കൂളുകളും കോളേജുകളും സന്ദർശിക്കുവാൻ തയ്യാറെടുത്തുപോകുന്നത് ഒരു നല്ല അനുഭവമായിരിക്കും എന്ന് ഓർമ്മിക്കുന്നു.

ഫെബ്രുവരി മാസത്തെ ധ്യാനങ്ങളിലേക്ക് പ്രവേശിക്കുന്നത് ഫെബ്രുവരി 7 ലെ വലിയ നോമ്പാരംഭത്തോടു കൂടിയാണല്ലോ. ആ ദിനം രണ്ടു കാര്യങ്ങൾ പ്രത്യേകം അനുസ്മരിക്കുന്നു. (1) മെഡിക്കൽ മിഷൻ ഞായറാഴ്ചയായി സഭയായി വേർതിരിച്ചിരിക്കുന്ന ദിനമാണത്. ആതുര ശുശ്രൂഷാ രംഗത്ത് നമുക്ക് ശ്രദ്ധേയമായ ഒരു ശുശ്രൂഷ നിർവ്വഹിക്കുവാനുണ്ട്. രോഗാതുരമായ സമൂഹത്തിൽ സൗഖ്യദായക ശുശ്രൂഷ നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്ന വേർതിരിക്കപ്പെട്ട കൂട്ടമാണ് സഭ. കേശബ് ചന്ദ്രസെൻ എന്ന ബംഗാളി ചിന്തകൻ വിശേഷിപ്പിച്ചതുപോലെ ദൈവത്തിന്റെ മനുഷ്യ മുഖമാണ് ക്രിസ്തു. ക്രിസ്തുവിന്റെ മനുഷ്യ മുഖം ആതുര ശുശ്രൂഷാരംഗത്തു പ്രകാശിതമാകുവാൻ ആ മേഖലയിൽ പ്രവർത്തിക്കുന്നവർ തങ്ങളുടെ സമർപ്പണം പുതുക്കേണ്ട ദിനമാണത്. (2) വലിയ നോമ്പ് ആരംഭിക്കുന്നതും ഫെബ്രുവരി 7 നാണല്ലോ. നോമ്പ് ദൈവത്തോടു കൂടുതൽ അടുത്തിരിക്കാനുള്ള ജീവിത ക്രമീകരണത്തിനായുള്ള ഒരുക്കമാണ്. നോമ്പ് ഒരു നിരപ്പിനായുള്ള ആഹ്വാനം കൂടിയാണ്. ദൈവത്തോടും സഹോദരങ്ങളോടും നിരപ്പിന്റെ അനുഭവത്തിൽ നാം ആയിത്തീരണം. ഭക്ഷണ നിയന്ത്രണത്തേക്കാൾ ഉപരിയായി കർശനമായ ജീവിതശൈലിയിലൂടെ ഗുണപരമായ ആത്മനിയന്ത്രണമാണ് ദൈവം നമ്മോടു ആവശ്യപ്പെടുന്നത്. ദൈവവചന ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി കൂടുതൽ സമയം കണ്ടെത്തേണ്ടത് നോമ്പിന്റെ അനിവാര്യതയാണ്. 121-ാമത് മാരാമൺ കൺവൻഷൻ ആരംഭിക്കുന്ന ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച 'ക്രിസ്തുസാന്നിദ്ധ്യം പുറന്തള്ളപ്പെട്ടവരോടൊപ്പം' എന്ന ചിന്തയാണ് ധ്യാന വിഷയമായി നിശ്ചയിച്ചിരിക്കുന്നത്. തന്റെ അടുക്കൽ വന്നു മുട്ടുകുത്തി "നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും"എന്ന് അപേക്ഷിച്ച കുഷ്ഠരോഗിയെ "മനസുണ്ട്, ശുദ്ധമാകുക" എന്നു പറഞ്ഞ് യേശുവിന് തന്റെ വാക്കുകൊണ്ടു മാത്രം രോഗിയെ സൗഖ്യമാക്കാൻ കഴിയുമായിരുന്നു. എന്നാൽ യേശു അവനെ തൊട്ടു എന്നതാണ് പ്രത്യേകമായി നാം ശ്രദ്ധിക്കേണ്ട ഒരു വസ്തുത. രോഗം മാറ്റുക മാത്രമല്ല യേശു ചെയ്തത്, സമൂഹത്തിൽ നിന്നും അകറ്റി നിർത്തപ്പെട്ടിരുന്നവന് തന്റെ കരസ്പർശം നൽകി ദൈവസ്നേഹത്തിലേക്ക് അവനെ വീണ്ടെടുത്ത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് പ്രവേശിപ്പിക്കുകയായിരുന്നു. യേശുവിന്റെ സ്നേഹം രോഗം സൗഖ്യമാക്കുന്ന സ്നേഹം മാത്രമല്ല, നമ്മുടെ ആളത്വത്തെ തന്നെ രൂപാന്തരപ്പെടുത്തി ശരിയായ സൗഖ്യത്തിലേക്ക് ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും പ്രവേശിപ്പിക്കുന്നതാണെന്ന് ഈ അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഫെബ്രുവരി 21-ാം തീയതി മാരാമൺ കൺവൻഷൻ സമാപന ദിനമാണ്. "പാപഭാരത്തിൽ നിന്ന് വിടുതൽ" എന്നതാണ് അന്നത്തെ ധ്യാനവിഷയം. പക്ഷപാതക്കാരനെ നാലുപേർ ചുമന്നുകൊണ്ടു യേശുവിന്റെ അടുക്കൽ കൊണ്ടു വരുന്ന സംഭവമാണ് വി. മർക്കോസ് 2:1-12 ഭാഗത്ത് പരാമർശിക്കുന്നത്. യേശു കൊണ്ടുവന്നവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനെ സൗഖ്യമാക്കി എന്നത് പ്രത്യേകിച്ചു നോമ്പുകാലത്തെ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ സാംഗത്യത്തെത്തന്നെയാണ് വെളിപ്പെടുത്തുന്നത്. യേശു അവന്റെ പാപം ക്ഷമിച്ച് അവന്റെ രോഗം മാറ്റി സൗഖ്യമാക്കി, അവൻ കിടന്നിരുന്ന കിടക്ക എടുത്തുകൊണ്ടു നടക്കുവാൻ തക്കവണ്ണം ബലപ്പെടുത്തി എന്നത് നാം പ്രത്യേകം ധ്യാനിക്കണം. കർത്താവു സൗഖ്യമാക്കുമ്പോൾ കൂടുതൽ ഭാരവും ഉത്തരവാദിത്വവും വഹിപ്പാനുള്ള ശക്തികൂടി നമുക്ക് തരും എന്നത് ദൈവവചനം നമുക്ക് നല്കുന്ന ഉറപ്പാണ്. ഫെബ്രുവരി 28-ാം തീയതി ഞായറാഴ്ച 'പുറന്തള്ളപ്പെട്ടവരുടെ വിശ്വാസത്തിന്റെ പ്രകാശനം' എന്നതാണ് ധ്യാനവിഷയം. കനാന്യസ്തീയുടെ മകളെ യേശു സൗഖ്യമാക്കുന്ന സംഭവമാണ് വി. മത്തായി: 15:21-28 ഭാഗത്തു വിവരിക്കുന്നത്.കനാന്യസത്രീ ആദ്യം യേശുവിന്റെ ശ്രദ്ധ പിടിച്ചു പറ്റുവാൻ യേശുവിനെ വിളിക്കുന്നത് "ദാവീദ് പുത്രാ" എന്നാണ്. ഒരു യഹൂദൻ യേശുവിനെ സംബോധന ചെയ്യുന്ന ശൈലിയാണ് അവൾ കടമെടുത്ത് പ്രയോഗിച്ചത്. എന്നാൽ അപ്പോഴും അവൾ ആൾക്കൂട്ടത്തിൽ മറഞ്ഞിരിക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ യേശു അവളുടെ നിലവിളിക്കുത്തരം പറഞ്ഞത് പുറജാതിക്കാരിയായ അവൾ അവളുടെ തനിമയിൽ പ്രാർത്ഥിച്ചപ്പോഴാണ്. "യേശു അവളോട്! സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്, നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ" എന്ന് ഉത്തരം പറഞ്ഞു. ആ നാഴിക മുതൽ അവളുടെ മകൾക്കു സൗഖ്യം വന്നു". (മത്തായി 15:28) യേശുവിനെ സമീപിച്ച അവളുടെ സമീപനത്തിൽ 3 കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്. (1) താൻ ആരെ നമസ്കരിക്കുന്നുവോ അവൻ തന്റെ ആവശ്യം പരിഹരിക്കുവാൻ കഴിവുള്ളവനാണ് എന്ന് അവൾ വിശ്വസിച്ചു. (2) നിലവിളിക്കുന്ന തന്റെ യോഗ്യതകളല്ല, നിലവിളി കേൾക്കുന്നവന്റെ കൃപാകടാക്ഷങ്ങളിലാണ് വിശ്വാസം അർപ്പിക്കേണ്ടതെന്ന് അവൾ തിരിച്ചറിഞ്ഞു (3) ആവശ്യക്കാരിയായി മുട്ടു കുത്തിയ അവളെ പരിത്യജിക്കാതെ അവളുടെ വിശ്വാസത്തെ ആദരിക്കുന്ന ദൈവസ്നേഹം അവൾ അനുഭവിച്ചറിഞ്ഞു. ഈ തിരിച്ചറിവും അനുഭവവും നമ്മുടെ ജീവിതത്തിലും ഒരു യാഥാർത്ഥ്യമായിതീരണം. ചിലപ്പോൾ നമ്മുടെ പ്രാർത്ഥനകൾക്ക് പെട്ടെന്ന് ഉത്തരം കിട്ടാതെ വരുമ്പോൾ നാം നിരാശിതരായി പോകരുത്. പകരം വിശ്വാസത്തിൽ വളരുവാൻ നമുക്ക് കഴിയണം. കർത്താവിന്റെ നിത്യസാന്നിദ്ധ്യമാണ് നമുക്കു ദൈവം നൽകുന്ന ഏറ്റവും വലിയ അനുഗ്രഹം. "ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്" (മത്തായി 28:29) എന്ന ഉറപ്പു നൽകിയ കർത്താവിന്റെ ഉള്ളം കരങ്ങളിൽ ഇരുന്ന് പുതിയ വെല്ലുവിളികളെ നമുക്ക് ഏറ്റെടുക്കാം, ദൈവം ഒരുക്കുന്ന സാധ്യതകളിൽ ദൈവത്തിന്റെ അടയാളങ്ങൾ ദർശിക്കാം.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

Jmmalabar

പുലാത്തീൻ, ഡോ. ജോസഫ് മാർത്തോമ്മാ
റിപ്പബ്ലിക് ദിനം 2016 മെത്രാപ്പോലീത്താ